മിസ്റ്റർ എം. ഒ. തോമക്കുട്ടി: പുറമെ പോയാൽ എവിടെയാണു് താമസിക്കാറു് പതിവു്?

മിസ്റ്റർ പറമ്പി ലോനപ്പൻ: സാധാരണ താമസത്തിനു് സൌകര്യമുള്ള സക്കാർ സ്ഥലങ്ങളിലാണു്.

മിസ്റ്റർ ജോസു് കെ. വട്ടിസ്സു്: തൃശ്ശിവപേരൂർ മിനിസ്സിക്കു് താമസിക്കുവാൻ വല്ല പ്രത്യേകസ്ഥലവും ഏർപ്പെടുത്തിട്ടുണ്ടോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: ഉണ്ടു്.

മിസ്റ്റർ ജോസു് കെ. വട്ടിസ്സു്: ഈ മിനിസ്സിക്കു താമസിക്കാൻ തൃശ്ശിവപേരൂരും എറണാകുളത്തും അല്ലാതെ മറവു സ്ഥലങ്ങളിലും സൌകര്യമുണ്ടോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: മറവു സ്ഥലങ്ങളിലും സൌകര്യമുണ്ടു്. കൊഴിഞ്ഞാമ്പാറയിൽ അങ്ങിനെയുള്ള സൌകര്യമുണ്ടായിരുന്നില്ല; എന്നാൽ ടി. ബി. ഒഴിവാക്കി വാങ്ങി അവിടേയും താമസിച്ചിട്ടുണ്ടു്.

മിസ്റ്റർ പുതൂർ അച്യുതമേനോൻ: തൃശ്ശിവപേരൂരും എറണാകുളത്തും അല്ലാതെ കണ്ടു് മറവു സ്ഥലങ്ങളിൽ ഒന്നിലധികം ദിവസം താമസിച്ചിട്ടുണ്ടോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: അങ്ങിനെ എല്ലാ സ്ഥലത്തും സാധിച്ചു എന്നു് വരില്ല. ചില സ്ഥലങ്ങളിൽ രണ്ടും മൂന്നും ദിവസങ്ങൾ അടുപ്പിച്ചു് താമസിക്കേണ്ടതായും വന്നിട്ടുണ്ടു്.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തശ്ശൻ: രണ്ടുംമൂന്നും ദിവസം അടുപ്പിച്ചു് താമസിച്ചിട്ടുണ്ടു് എന്നു പറഞ്ഞുവല്ലോ. അതു് ഒന്നിച്ചോ, ഓരോ സന്ദർഭങ്ങളിലായിട്ടോ?

മിസ്റ്റർ ടി. കെ. എൽ. കുഞ്ഞുവറിയതു്: കൊഴിഞ്ഞാമ്പാറയിൽ ടി. ബി. ഒഴിച്ചു മേടിച്ചു എന്നു പറഞ്ഞുവല്ലോ. അതെന്താണെന്നു് പറയാമൊ?

മിസ്റ്റർ പറമ്പി ലോനപ്പൻ: അവിടെ ഒരു മെഡിക്കൽ ആഫീസ്സർ താമസിച്ചിരുന്നു. ആ ആളെ അവിടെ നിന്നും മാറ്റി ഒഴിച്ചു് മേടിച്ചു എന്നാണു് പറഞ്ഞതു്.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ: എവിടെയാണു് മെഡിക്കൽ ആഫീസ്സർ താമസിക്കുന്നതു്, അടുത്താണോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: വളരെ അടുത്താണു്.

TOUR—MINISTER

2. Mr. P. Mani *(Kanayannur)*: Will Government be pleased to state.—

(*a*) whether the Hon'ble Minister for Rural Development is keeping a Diary about the tours made by him;

(*b*) if so, will a copy of the Diary regarding his tours in the month of Medam 1121 between 1st and 23rd be placed on the council table;

(*c*) did the Hon'ble Minister visit the Amballur village in the Nellayi Constituency on the evening of 22nd Medam 1121;

(*d*) if so, for what purpose?

Mr. Parambi Lonappen *(Minister for Public Health)*:

(*a*) and (*b*) No official Diary as is contemplated in the question is being maintained.

(*c*) Yes.

(*d*) To preside over the Anniversary of Sadhujanasamrakshana Sangham.

മിസ്റ്റർ പി. മാണി: ഒഫീഷ്യൽ ഡയറി സൂക്ഷിച്ചിട്ടില്ല എന്നു പറഞ്ഞുവല്ലോ; മറവതരത്തിലുള്ള ഡയറി സൂക്ഷിച്ചിട്ടുണ്ടോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: ഉവ്വു്.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തശ്ശൻ: ഒഫീഷ്യൽ ഡയറി സൂക്ഷിക്കുക എന്നുള്ള പതിവില്ലേ?

മിസ്റ്റർ പറമ്പി ലോനപ്പൻ: ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly